**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **09-02-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പനയുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പനയുമായി ബന്ധപ്പെട്ട് സർക്കാർ സംവിധാനം നിലവിലുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തിപ്പിക്കുന്ന കാരുണ്യ ഫാർമസികളിലൂടെ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പ്പന നടത്തി വരുന്നു. നിലവിൽ, 71 കാരുണ്യ ഫാർമസികളും, 5 കാരുണ്യ മരുന്ന് സംഭരണശാലകളും സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ഇവയിൽ 6 ഫാർമസികൾ 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്. കൂടാതെ, ശബരിമല തീർത്ഥാടനസമയത്ത് പമ്പയിലും സന്നിധാനത്തുമായി ഓരോ കാരുണ്യ ഫാർമസികൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം താലൂക്കാസ്ഥാന ആശുപത്രിയിൽ കാരുണ്യ ഫാർമസി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനെക്കാളും വിപണിവിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്ത് വരുന്നു. ആകയാൽ, മറ്റ് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരമാവധി കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 395 കോടി രൂപയുടെ മരുന്നും മറ്റനുബന്ധ സാമഗ്രികളുമാണ് കാരുണ്യ ഫാർമസികളിലൂടെ കേരളത്തിലെ ജനങ്ങൾക്ക് വിതരണം ചെയ്തത്. കാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്കും, അവയവമാറ്റ ശസ്ത്രക്രിയയയ്ക്ക് വിധേയരായവർക്കും ആവശ്യമായിട്ടുള്ള മരുന്നുകളും മിതമായ വിലയ്ക്ക് ലഭ്യമാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പൊതുമേഖലയിൽ കണ്ണടകളുടെ ചില്ലറ വില്പനയ്ക്ക് ഏതൊക്കെ സ്ഥാപനങ്ങളാണ് സർക്കാരിന്റെ കീഴിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ കണ്ണട ഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | സ്ത്രീശാക്തീകരണ രംഗത്ത് ഏറെ സംരംഭങ്ങൾക്ക് നേതൃത്വം വഹിക്കുന്ന വനിത വികസന കോർപ്പറേഷന് ഈ രണ്ട് മേഖലകളിലും എന്തെങ്കിലും സംരംഭങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ആരോഗ്യ മേഖലയിൽ അലോപ്പതി മരുന്നുകളുടെ ചില്ലറ വില്പനയുമായി ബന്ധപ്പെട്ട് വനിത വികസന കോർപ്പറേഷന് സംരംഭങ്ങൾ നിലവില്ല. സർക്കാർ ആശുപത്രികളോട് ചേർന്ന് കണ്ണടകളുടെ ചില്ലറ വില്പനയ്ക്ക് കോർപ്പറേഷൻ ആരംഭിച്ച ഷീ ഒപ്റ്റിക്കൽസ് എന്ന പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ തുടർന്ന് കൊണ്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | എല്ലാ സർക്കാർ അലോപ്പതി ആശുപത്രികളോടും ചേർന്ന് മരുന്നുകളുടെ ചില്ലറ വില്പനയ്ക്കുള്ള മെഡിക്കൽ സ്റ്റോറും ഒഫ്താൽമോളജി വിഭാഗം ഉള്ള ആശുപത്രികളിൽ കണ്ണട വില്പനശാലകളും വനിത വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ ശിപാർശകളൊന്നും പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ